# ഫലസ്ത്വീൻ അനുകൂല വിശാല മുന്നണി രൂപപ്പെടണം

**ഫലസ്ത്വീൻ** വിമോചന സമരത്തെ അനുകൂലിച്ചും ഇന്ത്യൻ സർക്കാറിന്റെ ഇസ്രയേൽ അനുകൂല നിലപാടുകളെ പ്രതിരോധിച്ചും രാജ്യത്ത് ഒരു വിശാല മുന്നണി രൂപപ്പെടണമെന്ന് മുസ്‌ലിം പൊളിറ്റിക്കൽ കൗൺസിലും ഫലസ്ത്വീൻ സോളിഡാരിറ്റി മൂവ്മെന്റും സംയുക്തമായി ദൽഹിയിൽ നടത്തിയ സെമിനാറിൽ ആവശ്യപ്പെട്ടു.

മുൻ പ്രതിരോധമന്ത്രിയും സമാജ്‌വാദി പാർട്ടി നേതാവുമായ മുലായം സിംഗ് യാദവ് മുഖ്യാതിഥിയായിരുന്നു. ഇന്ത്യൻ വിദേശ നയത്തിന് നേരത്തെയുണ്ടായിരുന്ന കാഴ്ചപ്പാട് നഷ്ടപ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കോൺഗ്രസ് നെഹ്റുവിന്റെ പാരമ്പര്യത്തിൽനിന്ന് അകലുകയാണ്. ഫലസ്ത്വീൻ സമരത്തെ അനുകൂലിക്കാൻ തന്റെ പാർട്ടി പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

സി.പി.എം നേതാവ് നിലോത്പൽബസു എം.പി, ജ.ഇ ദേശീയ അസി. സെക്രട്ടറി റഫീഖ് അഹ്മദ്, മുസ്‌ലിം പൊളിറ്റിക്കൽ കൗൺസിൽ പ്രസിഡന്റ് ഡോ. തസ്‌ലീം റഹ്മാനി, മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് എക്സിക്യൂട്ടീവ് അംഗം ഡോ. എസ്.ക്യു.ആർ ഇൽയാസ്, സി.പി.ഐ.എം.ൽ ജന. സെക്രട്ടറി ദീപാങ്കർ ഭട്ടാചാര്യ എന്നിവർ സംസാരിച്ചു.

## ഓഖ്‌ലയിൽ കമ്യൂണിറ്റി ഹോസ്പിറ്റൽ

**അഞ്ച്** ലക്ഷത്തിലധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ദൽഹിയിലെ മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായ ജാമിഅ നഗറിലെ ഓഖ്‌ല നിവാസികൾക്ക് ആശ്വാസമായി അത്യാധുനിക കമ്യൂണിറ്റി ഹോസ്പിറ്റൽ. ജ.ഇ ദേശീയ ഉപാധ്യക്ഷൻ പ്രഫ. കെ.എ സിദ്ദീഖ് ഹസന്റെ നേതൃത്വത്തിൽ നടക്കുന്ന വിഷൻ 2016ന്റെ ഭാഗമായി നിർമിക്കുന്ന അൽശിഫ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ പണി പൂർത്തിയാവുന്നത് ജ.ഇ ദേശീയ ആസ്ഥാനമായ ദഅ്‌വത് നഗറിലാണ്.

താഴ്ന്ന വരുമാനക്കാരും മധ്യവർഗവും തിങ്ങിപ്പാർക്കുന്ന ഓഖ്‌ലയിൽ മെഡിക്കൽ സംവിധാനങ്ങൾ വളരെ അപര്യാപ്തവും അശാസ്ത്രീയവുമാണ്. അനുദിനം ജീവിത ച്ചെലവ് വർധിച്ചുവരുന്ന ഈ നഗരപ്രാന്തത്തിലെ സാധാരണക്കാർക്ക് വലിയ ആശ്വാസമാകും അൽശിഫ ഹോസ്പിറ്റൽ.

ജനറൽ മെഡിസിൻ, സർജറി, പീഡിയാട്രിക്സ്, ഗൈനക്കോളജി, നിയോനാറ്റോളജി തുടങ്ങിയ വിഭാഗങ്ങൾക്കു പുറമെ കാർഡിയോളജി, ഓർത്തോ, ഗ്യാസ്ട്രോ എന്ററോളജി, എൻഡോക്രൈനോളജി, ന്യൂറോളജി, നെഫ്രോളജി, പൾമനോളജി, ഇ.എൻ.റ്റി, ഡർമറ്റോളജി, ഡെന്റിസ്ട്രി, ഒഫ്താൽമോളജി തുടങ്ങിയ വിഭാഗങ്ങളിലും വിദഗ്ധ ചികിത്സ ലഭിക്കും.

ദരിദ്രർക്ക് ചുരുങ്ങിയ ചെലവിൽ ചികിത്സ ലഭ്യമാവാൻ പ്രത്യേകം സംവിധാനങ്ങൾ ഉണ്ടായിരിക്കും.

## ഇസ്‌ലാമോഫോബിയയെക്കുറിച്ച് ഫിഖ്ഹ് അക്കാദമി സെമിനാർ

**ന്യൂനപക്ഷ** അവകാശങ്ങളെക്കുറിച്ചും ഇസ്‌ലാമോഫോബിയയെക്കുറിച്ചും ഫിഖ്ഹ് അക്കാദമി നടത്തിയ ദ്വിദിന സെമിനാർ ദൽഹിയിലെ ജാമിഅ ഹംദർദിൽ നടന്നു. 9/11ന് ശേഷം അമേരിക്ക ബോധപൂർവം ഇസ്‌ലാമിനെ കരിവാരിത്തേക്കാൻ വ്യാജപ്രചാരണങ്ങൾ നടത്തുകയാണെന്നും പ്രഭാഷകർ ചൂണ്ടിക്കാട്ടി. ഫിഖ്ഹ് അക്കാദമി ജന. സെക്രട്ടറി ഖാലിദ് സൈഫുല്ല റഹ്മാനി, ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് പ്രസിഡന്റ് ഖാരി ഉസ്മാൻ മൻസൂർ പൂരി, മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് ജന. സെക്രട്ടറി മൗലാനാ സയ്യിദ് നിസാമുദ്ദീൻ, മുൻ എം.പി സയ്യിദ് ഷഹാബുദ്ദീൻ എന്നിവർ സംസാരിച്ചു.

## ബാബരി കേസുകൾ വേഗത്തിലാക്കണമെന്ന് മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്

**ബാബരി** ധ്വംസനവുമായി ബന്ധപ്പെട്ട കേസുകൾ വേഗത്തിൽ തീർപ്പാക്കണമെന്ന് മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് ജന. സെക്രട്ടറി മൗലാനാ നിസാമുദ്ദീൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗിനയച്ച കത്തിൽ ആവശ്യപ്പെട്ടു. ലിബർഹാൻ കമീഷനിൽ ചൂണ്ടിക്കാട്ടിയതു പ്രകാരം ഈ കേസുകളിൽ ഗൂഢാലോചന കുറ്റംകൂടി ചുമത്തണം. ലഖ്നോ, റായ്ബറേലി കോടതികളിൽ സി.ബി.ഐ ആദ്യം ഫയൽ ചെയ്ത ചാർജ്ഷീറ്റിൽ ഗൂഢാലോചനാകുറ്റം ഉണ്ടായിരുന്നു. അത് പിന്നീട് നീക്കം ചെയ്തു. അദ്വാനി, മുരളിമനോഹർ ജോഷി, ഉമാഭാരതി, വിനയ് കത്യാർ തുടങ്ങിയവർ പ്രതികളായ റായ്ബറേലി കേസിൽ ഏതാനും ചിലരുടെ വാദം കേൾക്കലേ നടന്നിട്ടുള്ളൂ. ലഖ്നോ കോടതിയിൽ അതും നടന്നിട്ടില്ല. ഈ കേസുകളിൽ പ്രതി ചേർക്കാത്തവരും എന്നാൽ ലിബർഹാൻ കമീഷൻ കുറ്റക്കാരായി കണ്ടെത്തിയവരുമായവർക്കെതിരെ പുതിയ കേസുകൾ രജിസ്റ്റർ ചെയ്യണം. ബാബരി മസ്ജിദിന്റെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട് അലഹബാദ് ഹൈക്കോടതിയുടെ ലക്നോ ബെഞ്ചിലുള്ള കേസിലും പെട്ടെന്ന് തീർപ്പുണ്ടാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

## ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ച് അലീഗഢിൽ സിമ്പോസിയം

**അലീഗഢ്** മുസ്‌ലിം യൂനിവേഴ്സിറ്റിയിൽ 'ന്യൂനപക്ഷാവകാശങ്ങൾ - പ്രശ്നങ്ങളും വെല്ലുവിളികളും' എന്ന വിഷയത്തിൽ സിമ്പോസിയം നടന്നു. ഉദ്ഘാടനം നിർവഹിച്ച അലീഗഢ് പോലീസ് കമീഷണർ പി.വി ജഗൻ മോഹൻ, സ്വാതന്ത്ര്യ സമരത്തിലെ മുസ്‌ലിംകളുടെ പങ്ക് എടുത്തു പറഞ്ഞു. രജിസ്ട്രാർ പ്രഫ. വി.കെ അബ്ദുൽ ജലീൽ അധ്യക്ഷത വഹിച്ചു. സർക്കാറുകളിൽ വിശ്വാസം അർപ്പിച്ച് കാത്തിരിക്കുന്നതിനു പകരം എൻ.ജി.ഒകൾ രൂപീകരിച്ചും മറ്റും മുസ്‌ലിം സമുദായം മുന്നേറ്റം നടത്താൻ തയാറാകണമെന്ന് അദ്ദേഹം നിർദേശിച്ചു. ഡോ. ഷക്കീൽ സദാനി, പ്രഫ. എൻ.എ.കെ ദുർറാനി എന്നിവരും സംസാരിച്ചു.